# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം -2655** 09.07.2015- ൽ മറുപടിക്ക്

## കരാറുകാരുടെ കുടിശ്ശിക

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി.പി. അയിഷാ പോറ്റി** | | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** | |
| (എ) | പൊതുമരാമത്ത് വകുപ്പിൽ ഏതു കാലയളവ് മുതലുള്ള കുടിശികയാണ് കരാറുകാർക്ക് നൽകാനുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 01.03.2014 മുതലും ദേശീയപാതാ വിഭാഗത്തിൽ 17.09.2014 മുതലും കെട്ടിടവിഭാഗത്തിൽ 02/2014 മുതലും ഉള്ള കുടിശ്ശികയാണ് കരാറുകാർക്ക് നൽകാനുള്ളത്. |
| (ബി) | കൊട്ടാരക്കരയിലെ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം നിലച്ചിട്ട് എത്ര നാളായെന്ന് വെളിപ്പെടുത്തുമോ; | (ബി) | 15.08.2014 മുതൽ കരാറുകാരൻ നിർമ്മാണം നിർത്തിവച്ചിരിക്കുകയാണ്. |
| (സി) | പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് എത്ര തുക കുടിശ്ശിക ഇനത്തിൽ സർക്കാരിൽ നിന്നും ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് 57,72,213/- രൂപ കുടിശ്ശിക ഇനത്തിൽ സർക്കാരിൽ നിന്നും ലഭ്യമാക്കാനുണ്ട്. |
| (ഡി) | കൊട്ടാരക്കര മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം അടിയന്തരമായി പുന:രാരംഭിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | നിർമ്മാണം പുനരാരംഭിക്കുവാൻ കരാറു-കാരന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിക്കാൻ വേണ്ടി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ കരാറുകാരനുമായി ചർച്ച നടത്തുകയും, തുടർ പ്രവൃത്തികൾ എത്രയും വേഗത്തിൽ പൂർത്തീകരിക്കാമെന്ന് കരാറുകാരൻ ഉറപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ